# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1316** **15.6.2012-ൽ മറുപടിക്ക്**

**മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മാലിന്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീല പ്രകാശം | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) 1) ഉറവിടത്തിൽ മാലിന്യ സംസ്കരണം<br>• പൈപ്പ് കമ്പോസ്റ്റിംഗ്<br>• റിംഗ് കമ്പോസ്റ്റിംഗ്,<br>• വെർമി കമ്പോസ്റ്റിംഗ്,<br>• ബയോഗ്യാസ് പ്ലാന്റ്<br>2) പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനും മറ്റും ഉപയോഗിക്കുക.<br>3) പൊതുസ്ഥലങ്ങളിൽ - മാർക്കറ്റ്, അംഗൻവാടി, സ്കൂൾ, ഓഫീസ്, എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.<br>4) ഫ്ളാറ്റുകളിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുക.<br>5) ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, കശാപ്പുശാലകൾ, കോഴി കച്ചവടക്കാർ എന്നിവർ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക. |
| ബി) മാലിന്യപ്രശ്നം രൂക്ഷമായിരിക്കുന്ന തിരുവനന്തപുരം നഗരത്തിൽ . മാലിന്യ നിർമ്മാർജ്ജനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; | ബി) തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലും അഴുകുന്ന മാലിന്യങ്ങൾ ഉറവിട ത്തിൽ തന്നെ സംസ്കരിക്കുന്നതിന് 'ശുചിത്വം വീടിനും നാടിനും' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പെപ്പ് കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ |

യൂണിറ്റുകൾ സർക്കാർ സബ്സിഡിയോടു കൂടി വീടുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ യൂണിറ്റുകൾ നഗരത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ച് പ്ലാസ്റ്റിക് ഷ്രെഡു ചെയ്ത് സൂക്ഷിക്കുന്നതിനും, റീ-സൈക്ലിംഗ് ഏജൻസികൾക്ക് കൈമാറാനും ഉദ്ദേശിക്കുന്നു, പൊതുസ്ഥലങ്ങളിൽ - മാർക്കറ്റ്, അംഗൻവാടി, സ്കൂൾ, ഓഫീസ്, എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക. ഫ്ളാറ്റുകളിൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുക. ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, കശാപ്പുശാലകൾ, കോഴി കച്ചവടക്കാർ എന്നിവർ അവരവരുടെ സ്ഥലങ്ങളിൽ മാലിന്യം സംസ്കരിക്കുക എന്നീ കാര്യങ്ങൾ നടപ്പാക്കുക. കൂടാതെ 35 ടൺ സംസ്കരണശേഷിയുള്ള ആധുനിക സംസ്കരണ പ്ലാന്റ് തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പ്രസ്തുത പ്ലാന്റ് നവംബർ മാസത്തോടു കൂടി പ്രവർത്തനക്ഷമ മാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| സി) ഇതു സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ വിളപ്പിൽശാല പഞ്ചായത്തുമായി നടത്തിയ ചർച്ചകളുടെ വിശദാംശം വ്യക്തമാക്കാമോ; | സി) തിരുവനന്തപുരം കോർപ്പറേഷൻ വിളപ്പിൽ ശാല പഞ്ചായത്തുമായി നേരിട്ട് ചർച്ചകളൊന്നും നടന്നിട്ടില്ല. |
| ഡി) റസിഡന്റ്സ് അസ്സോസിയേഷനുകളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | ഡി) ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'ശുചിത്വം വീടിനും നാടിനും' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ റസിഡന്റ്സ് അസ്സോസിയേഷനുകളുമായി നഗരസഭാ അധികൃതർ ചർച്ചകളും, ക്ലാസ്സുകളും സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ